ഇപ്പോൾ വന്നിരിക്കുന്ന ഏറ്റവും ഒടുവിലത്തെ സ്കീം അനുസരിച്ച് സീറോ പൊല്യൂഷനുള്ള സാധ്യതയും വളർന്നുവന്നിരിക്കുന്നു. അതുകൊണ്ട് ഈ കാര്യങ്ങളിൽ ഒരു ആശയ സമന്വയം ഉണ്ടാക്കി കഴിയുന്നത്ര വേഗത്തിൽ എത്ര കോടി രൂപ ചെലവഴിച്ചും ഇത് നടപ്പിലാക്കുന്നതിന് സർക്കാർ കമ്മിറ്റഡ് ആണ്. ആ കാര്യങ്ങൾ ചെയ്യുന്നതാണ്.

(3) അഭിഭാഷക ക്ഷേമനിധി വിഹിതത്തിൽ കാലാനുസൃതമായ മാറ്റം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, കേരളത്തിലെ മുഴുവൻ അഭിഭാഷകരുടെയും ചിരകാലമായ ഒരു ആവശ്യത്തിലേക്ക് ഞാൻ ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. സഭാനാഥനായ അങ്ങും ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി അഡ്വക്കേറ്റ് ശ്രീ. ഇ. ചന്ദ്രശേഖരൻ നായരുമടക്കമുള്ള ഈ നിയമസഭയിലെ വളരെ ഗണ്യമായ ഒരു വിഭാഗത്തിന്റെ വർഗ്ഗബോധത്തിന്റെ പ്രശ്നം കൂടിയാണ്. കേരള അഭിഭാഷക ക്ഷേമനിധിയിലെ വിഹിതം ഇന്ന് ഒരു ലക്ഷം രൂപയാണ്. വർഷങ്ങൾക്കുമുമ്പ് നിശ്ചയിച്ച ആ സംഖ്യ കാലാനുസൃതമായി 5 ലക്ഷം ആക്കി വർദ്ധിപ്പിക്കണമെന്ന ആവശ്യം ഈ സഭയിൽത്തന്നെ ഒന്നുരണ്ടു പ്രാവശ്യം ഉന്നയിച്ചു. 3 ലക്ഷം രൂപയാക്കി ഉയർത്താമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിട്ട് കാലം കുറെയായി. സർക്കാരിന് യാതൊരു ബാധ്യതയുമില്ലാത്ത ഒരു കാര്യമാണ് ഇത്. വർദ്ധിപ്പിക്കും എന്ന പ്രഖ്യാപനം ഇനി വേണ്ട. നിയമസഭാ സമ്മേളനത്തിന്റെ കാലാവധി തീരുന്നതിനുമുമ്പെങ്കിലും ഇത് യാഥാർത്ഥ്യമാക്കണമെന്ന് ബഹുമാനപ്പെട്ട നിയമവകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഇത് ഗവൺമെന്റ്, in principle agree ചെയ്തതാണ്. പക്ഷേ ഇതിൽ ധനകാര്യവകുപ്പ് ചില സംശയങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അത് എന്താണെന്നുവച്ചാൽ, ഗവൺമെന്റിന് കമ്മിറ്റ്മെന്റ് വരുമോ, ഇല്ലയോ എന്നുള്ളതു സംബന്ധിച്ചാണ്. ധനകാര്യ വകുപ്പുമായിട്ടൊക്കെ ചർച്ച ചെയ്ത് ക്ലാരിഫൈ ചെയ്തതിനുശേഷം ഗവൺമെന്റിന് കമ്മിറ്റ്മെന്റ് വരാത്ത രീതിയിൽ ഈ പറഞ്ഞ ലിമിറ്റിൽ കൊണ്ടുവരുന്നതിനുള്ള നടപടി എടുക്കാം. ഈ നിയമസഭയുടെ കാലാവധിക്കു മുൻപുതന്നെ നടപ്പിലാക്കാം. നിയമസഭയുടെ കാലാവധി എന്നു പറയുമ്പോൾ, അദ്ദേഹം മനസ്സിലാക്കിയോ എന്നറിഞ്ഞുകൂടാ. എത്രയും വേഗത്തിൽ ഇത് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

(4) കോട്ടയ്ക്കൽ പോലീസ്സ്റ്റേഷൻ പരിധിയിലെ പുന്തുരുത്തി നാസർ എന്ന ആളിന്റെ വധം സംബന്ധിച്ച അന്വേഷണം

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, താനൂർ നിയോജകമണ്ഡലത്തിലെ പറപ്പൂർ സ്വദേശിയും ടാക്സി ജീപ്പ് ഡ്രൈവറുമായിരുന്ന പുന്തുരുത്തി നാസർ അതിദാരുണമായി വധിക്കപ്പെട്ടിട്ട് രണ്ടു വർഷം കഴിഞ്ഞു. കോട്ടയ്ക്കൽ ജീപ്പ് സ്റ്റാൻഡിൽനിന്നും 3-2-1998-നു അജ്ഞാതരായ രണ്ടുപേർ പാലക്കാട് പോകാനാണെന്ന് പറഞ്ഞു നാസർ ഓടിച്ചിരുന്ന കെ. എൻ. 10 ഡി 1683 നമ്പർ ജീപ്പ് വിളിച്ചു. സുഹൃത്തുക്കളായ മറ്റ് ഡ്രൈവർമാരോട് വിവരം പറഞ്ഞിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

നാസർ വണ്ടിയുമായി പോയത്. 6-2-1998-ന് വടക്കാഞ്ചേരി ദേശീയ പാതയ്ക്ക് അരികിലെ കുറ്റിക്കാട്ടിൽനിന്ന് നാസറിന്റെ മൃതദേഹം കണ്ടുകിട്ടുകയാണ് ചെയ്തത്. വളരെ മൃഗീയമായാണ് നാസറിനെ കൊലപ്പെടുത്തിയത് എന്ന് മൃതദേഹം കണ്ട ആളുകൾ പറയുകയുണ്ടായി. 23 വയസ് പ്രായമുള്ള നാസർ മാതാവ്, ഭാര്യ, സഹോദരങ്ങൾ എന്നിവരടങ്ങുന്ന കുടുംബത്തിന്റെ ഏക ആശ്രയമായിരുന്നു. വളരെ പാവപ്പെട്ട ഒരു കുടുംബമാണ്. കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം 29/98-ാം നമ്പർ ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. പക്ഷേ രണ്ടുവർഷം കഴിഞ്ഞിട്ടും അന്വേഷണത്തിന് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ഈ കാര്യം ഈ സഭയിൽ ഇതിനുമുമ്പും സബ്മിഷനായും ചോദ്യത്തിലൂടെയും ഉന്നയിച്ചിട്ടുണ്ട്. മാത്രമല്ല ഞാനും അവിടത്തെ ആക്ഷൻ കമ്മിറ്റിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ട് അന്വേഷണം ഊർജിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനവും നൽകിവരുന്നു. ലോക്കൽ പോലീസിന്റെ അന്വേഷണത്തിൽ ജനങ്ങൾ ആകെ അസംതൃപ്തരാണ്. അവരുടെ ദൈനംദിന ജോലിക്കിടയിൽ ഇതുപോലുള്ള കേസ് അന്വേഷണത്തിന് സമയവും സൗകര്യവും കിട്ടുന്നില്ല എന്നുള്ളതാണ് കാതലായ വശം. വാഹനങ്ങൾ വിളിച്ചുകൊണ്ടുപോയി ഡ്രൈവർമാരെ കൊലപ്പെടുത്തി വാഹനം തട്ടിയെടുക്കുന്ന മാഫിയാ സംഘങ്ങളുടെ ഹീനമായ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ നാസറിന്റെ വധക്കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പറപ്പൂർ പഞ്ചായത്ത് മുസ്ലീം യൂത്ത്ലീഗ് കമ്മിറ്റി 12-ാം തീയതി കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനിലേയ്ക്ക് മാർച്ച് ചെയ്യുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ നൽകിയ മറുപടിയിൽ കുറ്റാന്വേഷണം ഊർജിതപ്പെടുത്താൻ പ്രധാനപ്പെട്ട കേസുകളിൽ ലോക്കൽ പോലീസിന്റെ അന്വേഷണത്തോടൊപ്പം തന്നെ ക്രൈംബ്രാഞ്ച് അന്വേഷണവും ഏർപ്പെടുത്തുമെന്ന് പറയുകയുണ്ടായി. രണ്ടുകൊല്ലമായിട്ടും ലോക്കൽ പോലീസിന് ഒരു തുമ്പും ഉണ്ടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അടിയന്തിരമായി ഈ കേസന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുന്നതിനും പ്രതികളെ കണ്ടുപിടിക്കുന്നതിനും മാഫിയാ സംഘങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, 3-2-1998-ന് വൈകുന്നേരം മലപ്പുറം, കോട്ടയ്ക്കൽ ആര്യവൈദ്യശാലയ്ക്കു സമീപത്തുള്ള ടാക്സി സ്റ്റാൻഡിൽനിന്ന് പൂന്തുരുത്തി നാസർ ഓടിച്ചിരുന്ന ടാക്സി ജീപ്പ് രണ്ടുപേർ ചേർന്ന് ഓട്ടം വിളിച്ചുകൊണ്ടുപോയി. വടക്കാഞ്ചേരി നാഷണൽ ഹൈവേയിൽ 7-2-1998-ന് കാണപ്പെട്ട മൃതദേഹം നാസറിന്റേതാണെന്ന് ബന്ധുക്കൾ തിരിച്ചറിഞ്ഞു. ശ്വാസം മുട്ടിച്ചാണ് നാസറിനെ കൊലപ്പെടുത്തിയതെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കോട്ടയ്ക്കൽ പോലീസ് സ്റ്റേഷനിൽ ക്രൈം. 29/98 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജീപ്പുമായി രക്ഷപ്പെട്ട പ്രതികളെ കണ്ടെത്തുന്നതിന് ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തി വരികയാണ്. അന്വേഷണചുമതല ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതു പോലെ ക്രൈംബ്രാഞ്ചിന് കൈമാറാൻ ഡി. ജി. പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly